28

**SN – 168**

# III Semester B.Com./B.B.A./B.H.M. Examination, Nov./Dec. 2017
## (CBCS) (2015-16 and Onwards) (Freshers and Repeaters)
## MALAYALAM LANGUAGE (Part – I, Paper – III)

Time : 3 Hours  Max. Marks : 70

I. **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ആശയവും സന്ദർഭവും വ്യക്തമാക്കുക) : **(4×3=12)**

1) അവനും കൺകൾ തിളങ്ങീടുന്നു
അവനും കൈകളുയർത്തീടുന്നു.

2) ഒടുവിലാ നടചാരി വേവുന്ന വയറുമായ്
എവിടയോ പൂജാരിപോയി.

3) എന്റെ ചെറുകുടിലിൽ നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു.

4) വയ്യാതെ, വീഴാതെ
വിറപൂണ്ടു നിൽക്കുന്നു സിംഹം.

5) അന്നിവിടെ ദീപങ്ങൾ കത്തി നിന്നു
പൂക്കൾ കുന്നുപോൽ കൂടികിടക്കുന്നു.

II. a) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര**പ്പുറത്തിൽ കവിയാതെ) : **(2×6=12)**

1) 'മുറിവേറ്റ സിംഹം' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

2) 'ഭാവിയുടെ പ്രതീകമാണ് ബാലൻ' ഒരു സ്വാതന്ത്ര്യദിനത്തിൽ എന്ന കവിതയെ അടിസ്ഥാനമാക്കി വിവരിക്കുക.

3) 'നിസ്വാർത്ഥ പ്രണയമാണ് ഗോപികക്ക് കൃഷ്ണനോടുള്ളത്' – വ്യക്തമാക്കുക.

b) ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (**ഒന്നര**പ്പുറത്തിൽ കവിയാതെ) : **(2×6=12)**

1) 'മുത്തുവേടത്തി' എന്ന കഥാപാത്രം.

2) മൃഗസ്നേഹം വ്യക്തമാക്കുന്ന കഥയാണ് "ശബ്ദിക്കുന്ന കലപ്പ". വിവരിക്കുക.

3) സ്ത്രീയുടെ വിവിധ ഭാവങ്ങളാണ് 'രാച്ചിയമ്മ'യിൽ. വ്യക്തമാക്കുക.

P.T.O.

III. ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര**പ്പുറത്തിൽ കവിയാതെ) : **(1×14=14)**

1) 'അമ്പലമണി' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

2) എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനുള്ള അവകാശത്തെ തുറന്നു കാണിക്കുന്ന കവിതയാണ് 'മുറിവേറ്റ സിംഹം'. വിവരിക്കുക.

IV. ഏതെങ്കിലും **ഒരു** ചോദ്യത്തിന് ഉത്തരമെഴുതുക (**രണ്ടര**പ്പുറത്തിൽ കവിയാതെ) :

**(1×14=14)**

1) 'രാച്ചിയമ്മ' എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

2) 'വാചാലതയും പ്രകടനങ്ങളും സ്നേഹത്തിന്റെ ആത്മാവിലുള്ളതല്ല'' – കണ്ണന്റെയും ഔസേപ്പുചേട്ടന്റെയും ജീവിതത്തെ മുൻനിർത്തി വിവരിക്കുക.

V. ആശയം **മൂന്നിലൊന്നാ**യി സംഗ്രഹിക്കുക : 3

ആശയവിനിമയ രംഗത്ത് ഏറ്റവും ഒടുവിൽ ഉണ്ടായ വിപ്ലവകരമായ സംവിധാനമാണ് ഇന്റർനെറ്റ്. കത്തുകളിൽത്തുടങ്ങി ടെലിഫോൺ, ടെലിവിഷൻ ഇങ്ങനെ പല ഉപാധികളുണ്ട്. ഒരിക്കൽ വിദൂരത്തിലുള്ളവരെ കത്തുമൂലം വിവരങ്ങൾ എഴുതി അറിയിച്ചിരുന്നു. അനന്തരം ടെലിഫോൺ വഴി ആശയവിനിമയം ചെയ്യാൻ കഴിഞ്ഞു. ആശയങ്ങൾ രേഖകളിലൂടെ എഴുതി അറിയിക്കുന്ന നിലവിട്ട് നേരിട്ട് ശബ്ദത്തിലൂടെ അറിയിക്കാൻ കഴിഞ്ഞത് വളരെ വലിയ നേട്ടമായിരുന്നു. ലോകത്തെങ്ങുമുള്ള ടെലിഫോൺ ശൃംഖലയെ ബന്ധിക്കാൻ കഴിഞ്ഞതും ലോകരാജ്യങ്ങളുമായി ആശയവിനിമയം ചെയ്യാൻ കഴിഞ്ഞതും മഹത്തായ നേട്ടമായിരുന്നു. എന്നാൽ ഈ ടെലിഫോണിനും ചില കുറവുകളുണ്ടായിരുന്നു. നമ്മൾ ഡയൽ ചെയ്യുമ്പോൾ ആഗ്രഹിക്കുന്ന വ്യക്തി ടെലിഫോണിന്റെ മറുതലയ്ക്കൽ എപ്പോഴും ഉണ്ടാവണമെന്നില്ല. അതുകൊണ്ട് ടെലിഫോൺ സന്ദേശം പലപ്പോഴും ഉദ്ദേശിച്ച ഫലം തരുന്നില്ല.

VI. നിങ്ങൾക്കിഷ്ടപ്പെട്ട ചെറുകഥാകൃത്തിനെക്കുറിച്ച് വിവരിക്കുക : 3

---